പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

25.01.2018 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 786

## പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; എത്ര വിസ്തൃതി സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമപ്രദേശങ്ങളിലെ വിദൂര വില്ലേജുകളിൽ പഠന സൗകര്യം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ താമസവും ഭക്ഷണവും പഠിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ഒരുക്കുന്നതിലേക്കായാണ് പ്രീമെട്രിക് ഹോസ്റ്റലുകൾ സ്ഥാപിച്ചു വരുന്നത്. 30 കുട്ടികൾക്ക് താമസിച്ചു പഠനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണെന്ന് പി.ഡബ്ല്യു.ഡി. സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, ലഭിക്കാവുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം, ജലലഭ്യത, ഗതാഗത സൗകര്യം മുതലായവ കണക്കിലെടുത്താണ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ഉത്തരവ് ലഭ്യമാക്കുന്നത്. സ്ഥല വിസ്തൃതി സംബന്ധിച്ച് പ്രത്യേക ഉത്തരവ് നിലവിലില്ല. എന്നാൽ സൗകര്യ പ്രദമായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 50 സെന്റ് സ്ഥലം ആവശ്യമാണ്. പി.ഡബ്ല്യു.ഡി. യോ മറ്റ് സർക്കാർ ഏജൻസികളോ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. |
| (ബി) | പ്രീ മെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് | (ബി) | പ്രീ മെട്രിക് ഹോസ്റ്റലുകളിലെ Standard strength 30 ആണ്. സമീപ പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; സമീപത്തെ എത്ര കിലോമീറ്റർ വരെയുള്ള സ്കൂളുകളിലെ കുട്ടികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ; | | പ്രീ മെട്രിക് ഹോസ്റ്റലിൽ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകിവരുന്നു. മറ്റ് ഹോസ്റ്റൽ സൗകര്യം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സ്കൂൾ അകലെയാണെങ്കിലും അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ സൗകര്യം അനുവദിച്ച് നൽകാറുണ്ട്. ഹോസ്റ്റൽ - സ്കൂൾ തമ്മിലുള്ള അകലം സംബന്ധിച്ച മാനദണ്ഡം ഏർപ്പെടുത്തിയിട്ടില്ല. ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുന്നതിന് വിദ്യാർത്ഥി താമസിക്കുന്ന സ്ഥലവും പഠിക്കുന്ന സ്കൂളും തമ്മിൽ 8 കിലോ മീറ്ററിൽ അധികം ദൂരമുണ്ടായിരിക്കണം. |
| (സി) | ആവശ്യമായ സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥല ലഭ്യത, ജലലഭ്യത, ഗതാഗത സൗകര്യം, പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ഉറപ്പാക്കിയതിനുശേഷം ആവശ്യകത അനുസരിച്ച് പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ